**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1183** | **31-01-2024 - ൽ മറുപടിയ്ക്ക്**

**പ്രതിഭാതീരം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പ്രതിഭാതീരം പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | തീരദേശത്തെ തെരെഞ്ഞെടുത്ത 75 ലൈബ്രറികളിൽ അടിസ്ഥാന സൗകര്യങ്ങൾ അനുവദിച്ച നൽകി തുടർ വിദ്യാകേന്ദ്രങ്ങൾ ആക്കി മാറ്റി മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കളുടെ പഠന നിലവാരം ഉയർത്തുക എന്നതാണ് പ്രതിഭാതീരം പദ്ധതിയുടെ ലക്ഷ്യം. തീരപ്രദേശത്തെ തെരഞ്ഞെടുത്ത 75 ലൈബ്രറികളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യുന്ന ടി പദ്ധതിക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2020-21 വർഷം ഭരണാനുമതി നൽകിയെങ്കിലും സാങ്കേതികപരമായ തടസ്സങ്ങൾ മൂലം പദ്ധത് നടപ്പിലാക്കുവാൻ സാധിച്ചില്ല.<br><br>2023-24 വർഷം പ്രതിഭാതീരം പദ്ധതിക്ക് പുതിയ ഭരണാനുമതി നൽകുകയും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടിക്രമങ്ങൾ പുരോഗമിച്ചു വരുകയുമാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുകയാണ് നൽകിയതെന്ന് വർഷം തിരിച്ച് വിവരം ലഭ്യമാക്കാമോ? | (ബി) | 2023-24-ൽ ഒരു ലൈബ്രറിക്ക് 1,57,218 രൂപ നിരക്കിൽ 75 ലൈബ്രറികൾക്കായി 1,17,91,350/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഉപകരണങ്ങൾ പർച്ചേയ്സ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ